പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1052** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>ചങ്ങനാശ്ശേരിമണ്ഡലത്തിലെ റോഡ് നിർമ്മാണത്തിനായുള്ള ബജറ്റ് വിഹിതം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി-യുടെ കീഴിലുള്ള ഒ.ഡി.ആർ (മറ്റു ജില്ലാ റോഡുകൾ) വിഭാഗത്തിൽ ഉൾപ്പെടുത്തി നിർമ്മാണം/നവീകരണം നടത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം മുഖേന ODR വിഭാഗത്തിൽ ഉൾപ്പെടുത്തി നിർമ്മാണം / നവീകരണം നടത്താൻ ഉദ്ദേശിക്കുന്നതും 2026-27 ബജറ്റിൽ 20% പ്രൊവിഷനിൽ ഉൾപ്പെട്ടിട്ടുള്ളതുമായ 11 പഞ്ചായത്ത് റോഡുകളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

1.മാടപ്പള്ളി - ചേന്നമറ്റം ശൗര്യച്ചൻ പടി മുതലപ്ര റോഡ്

2.പായിപ്പാട് - തോട്ടായിക്കടവ് - മാർക്കറ്റ് റോഡ്

3.പായിപ്പാട് - പൂവം പൊരുന്നുഴക്കാവ് റോഡ്

4.പായിപ്പാട് തോട്ടായിക്കടവ് -അമ്മത്താൻചിറ റോഡ്

5.വാഴപ്പള്ളി, ചെത്തിപ്പുഴക്കടവ് - പേപ്പർ മിൽ റോഡ്

6.മാടപ്പള്ളി ചേന്നമറ്റം ഇയ്യാലിൽ റോഡ്

7.ചങ്ങനാശ്ശേരി റെയിൽവേ ഗുഡ്ഷെഡ് റോഡ്

8.തൃക്കൊടിത്താനം-അമര- അശാരിമുക്ക് റോഡ്

9.മാടപ്പള്ളി-കരക്കാട്ടുപടി-കട്ടിക്കാട്ടുപടി റോഡ്

10.പായിപ്പാട് പഞ്ചായത്ത് ഇഴക്കടവ് ഓമലിക്കര പാടശേഖരം റോഡ്

11.പായിപ്പാട് പുത്തൻകാവ് ക്ഷേത്രം ഗവ.യു.പി.സ്കൂൾ കഴിമണ്ണൽ പടി റോഡ്

**(ബി)** ഒ.ഡി.ആർ വിഭാഗത്തിൽ ഉൾപ്പെടുത്തി ബജറ്റിൽ 20% പ്രൊവിഷൻ മാറ്റിവെക്കുന്ന പ്രവൃത്തികളിൽ, നടപ്പ് സാമ്പത്തിക വർഷം ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഒ.ഡി.ആർ കാറ്റഗറിയിൽ ഉൾപ്പെടുന്ന പി.ഡബ്ല്യൂ.ഡി. റോഡുകളുടെ നിർമ്മാണത്തിനായുള്ള ബജറ്റ് ശീർഷകത്തിൽ

ആവശ്യമായ ബജറ്റ് വിഹിതം കൃത്യമായി അനുവദിച്ചിട്ടുണ്ടോ എന്ന് കണക്ക് സഹിതം വിശദമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ ആസ്തി രജിസ്റ്ററിൽ നിലവിൽ ODR കാറ്റഗറിയിലുള്ള റോഡുകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മേൽ സൂചിപ്പിച്ച റോഡുകളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തുവാനാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിരിക്കുന്നത്.

നിലവിലെ സാമ്പത്തിക വർഷത്തിൽ ODR ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പന് ബജറ്റ് വിഹിതം ഉറപ്പാക്കിയിട്ടില്ല.

**(സി)** പ്രസ്തുത മണ്ഡലത്തിലെ ഒ.ഡി.ആർ റോഡ് പ്രവൃത്തികൾക്കായി ഫണ്ട് അനുവദിക്കുന്നതിലോ വിനിയോഗിക്കുന്നതിലോ നിലവിൽ എന്തെങ്കിലും തടസ്സങ്ങളോ കാലതാമസങ്ങളോ നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ ആസ്തി രജിസ്റ്ററിൽ നിലവിൽ ODR കാറ്റഗറിയിലുള്ള റോഡുകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മേൽ സൂചിപ്പിച്ച റോഡുകളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തുവാനാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിരിക്കുന്നത്.

നിലവിലെ സാമ്പത്തിക വർഷത്തിൽ ODR ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പന് ബജറ്റ് വിഹിതം ഉറപ്പാക്കിയിട്ടില്ല.

**(ഡി)** ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഒ.ഡി.ആർ റോഡ് നിർമ്മാണങ്ങൾക്കായി അർഹമായ ബജറ്റ് വിഹിതം കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും ഫണ്ട് വിഹിതം സംബന്ധിച്ചുള്ള അവ്യക്തതകൾ പരിഹരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇതുവരെ അനുവദിച്ച തുകയുടെ കണക്കുകൾ സഹിതം മറുപടി നൽകുമോ?

**<u>മറുപടി:</u>** പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ ആസ്തി രജിസ്റ്ററിൽ നിലവിൽ ODR കാറ്റഗറിയിലുള്ള റോഡുകൾ ഉൾപ്പെട്ടിട്ടില്ല. എന്നാൽ മേൽ സൂചിപ്പിച്ച റോഡുകളുടെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടത്തുവാനാണ് ബഡ്ജറ്റിൽ പ്രതിപാദിച്ചിരിക്കുന്നത്.

നിലവിലെ സാമ്പത്തിക വർഷത്തിൽ ODR ശീർഷകത്തിൽ പൊതുമരാമത്ത് വകുപ്പന് ബജറ്റ് വിഹിതം ഉറപ്പാക്കിയിട്ടില്ല.

**സെക്ഷൻ ഓഫീസർ**